പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1841 05.02.2019-ലെ മറുപടിക്ക്

# കോതമംഗലം ഡിപ്പോയിലെ മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

ചോദ്യം

ശ്രീ.ആന്റണി ജോൺ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ട ശേഷം കണ്ടക്ടർമാരുടെ അപര്യാപ്തത മൂലം നിരവധി സർവ്വീസുകൾ മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഇവരെ തിരിച്ചെടുക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി വഴി നിയമനം നൽകിയ കണ്ടക്ടർമാർക്ക് 02.02.19 വരെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സാവകാശം അനുവദനീയമാണ്. അതിന് ശേഷം മാത്രമേ കണ്ടക്ടർമാരുടെ അപര്യാപ്തത തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ബി) | കോതമംഗലം ഡിപ്പോയിൽ നിന്നും എത്ര എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | കോതമംഗലം ഡിപ്പോയിൽ നിന്നും 55 എംപാനൽ കണ്ടക്ടർമാരെ പിരിച്ച് വിട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും എം പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതിനാൽ ആദിവാസി ഗ്രാമീണ മേഖലയിലടക്കം വിവിധ ബസ് സർവ്വീസുകൾ റദ്ദുചെയ്തിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും എംപാനൽ കണ്ടക്ടർമാരെ പിരിച്ച് വിട്ടതിനാൽ ആദിവാസി ഗ്രാമീണ മേഖലയിലടക്കം ബസ് സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | പൊതുജനങ്ങൾക്കും, കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ ട്രിപ്പുകളും/ സർവ്വീസുകളും പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇതിനോടകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ